2025
NOVEMBER
03
MONDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




# ആരോഗ്യ ടൂറിസം: പ്രവാസികളെ പ്രയോജനപ്പെടുത്തണം

**കൊച്ചി:** കേരളത്തിന്റെ പ്രവാസി ജനസംഖ്യയെ ഫലപ്രദമായി ഉപയോഗിച്ചാൽ മെഡിക്കൽ വാല്യൂ ട്രാവൽ (ആരോഗ്യ ടൂറിസം) രംഗത്ത് നിന്ന് സംസ്ഥാനത്തിന് വൻ വരുമാനം നേടാനാകുമെന്ന് വിദഗ്ദ്ധർ. കേരള ആരോഗ്യ ടൂറിസം, ആഗോള ആയുർവേദ ഉച്ചകോടി എക്സ്പോ സമാപനത്തിൽ സംസാരിക്കുകയായിരുന്നു അവർ അങ്കമാലി അഡ്‌ലക്സ് കൺവെൻഷൻ സെന്ററിൽ നടന്ന ഉച്ചകോടിയിൽ 16 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു. വ്യവസായ, അക്കാദമിക്, ഗവേഷണ രംഗത്തുനിന്നായി 10,000ത്തിലധികം പേർ സമ്മേളനത്തിൽ പങ്കെടുത്തു. മെഡിക്കൽ വാല്യൂ ട്രാവൽ (എം.വി.ടി) മേഖലയിൽ ലോകമെമ്പാടും വലിയ വളർച്ചയാണ് രേഖപ്പെടുത്തുന്നത്. കേരളം ഈ സാധ്യതയുടെ ഒരു ചെറിയ ഭാഗം മാത്രമാണ് ഉപയോഗിക്കുന്നത്. ഗൾഫ് രാജ്യങ്ങളിൽ നിന്ന് മാത്രം ഓരോ മാസവും ഏകദേശം 1,500 രോഗികൾ ഇന്ത്യയിൽ ചികിത്സയ്ക്കായി എത്തുന്നു. ഇതിൽ നല്ലൊരു പങ്കിനെ കേരളത്തിലേക്ക് ആകർഷിക്കാൻ സാധ്യതയുണ്ടെന്ന് ആർ.ജി.എ. റീഇൻഷുറൻസ് കമ്പനി മിഡിൽ ഈസ്റ്റ് വൈസ് പ്രസിഡന്റ് ഡോ. ഡെന്നിസ് സെബാസ്റ്റ്യൻ പറഞ്ഞു. റിപ്പോർട്ടുകൾ പ്രകാരം, 2024ൽ ഏകദേശം 7.4 ലക്ഷം വിദേശ പൗരന്മാർ വൈദ്യവെൽനസ് ആവശ്യങ്ങൾക്കായി കേരളം സന്ദർശിച്ചു.

ഇതിൽ 60-70% പേരും തിരഞ്ഞെടുത്തത് ആയുർവേദ ചികിത്സയാണ്. 2024ൽ ആയുർവേദ മെഡിക്കൽ ടൂറിസം വഴി മാത്രം സംസ്ഥാനത്തിന് 13,500 കോടി രൂപയുടെ വരുമാനം ലഭിച്ചു (മുൻവർഷം ഇത് 10,800 കോടി രൂപയായിരുന്നു). ആധുനിക ചികിത്സാ ടൂറിസം വഴി കേരളത്തിന് പ്രതിമാസം ഏകദേശം 40 കോടി രൂപയും (വാർഷിക വരുമാനം 480 കോടി രൂപ) ലഭിക്കുന്നുണ്ട്. മാലിദ്വീപ്, ഒമാൻ, ആഫ്രിക്കൻ രാജ്യങ്ങൾ, ജപ്പാൻ, മിഡിൽ ഈസ്റ്റ്, ദക്ഷിണേഷ്യൻ രാജ്യങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള




എം.വി.ടി.കൾ കൂടുതലായി കേരളത്തിലേക്ക് എത്തുന്നുണ്ടെന്ന് ശ്രീധരീയം ഗ്രൂപ്പ് ചെയർമാൻ ഡോ. ഹരി എൻ. നമ്പൂതിരി പറഞ്ഞു.

ജെ.സി.ഐ, എൻ.എ.ബി.എച്ച്. അംഗീകാരമുള്ള ഉയർന്ന നിലവാരമുള്ള ആശുപത്രികൾ, കുറഞ്ഞ ചികിത്സാ ചെലവ്, ആധുനിക വൈദ്യശാസ്ത്രവും ആയുർവേദവും തമ്മിലുള്ള സംയോജനം, നാല് അന്താരാഷ്ട്ര വിമാനത്താവളങ്ങൾ വഴിയുള്ള എളുപ്പത്തിലുള്ള വിമാന മാർഗ്ഗം എന്നിവയാണ് കേരളത്തിന്റെ പ്രധാന നേട്ടങ്ങളെന്ന് ആസ്റ്റർ മെഡിസിറ്റി സി.ഇ.ഒ. ഡോ. നളന്ദ ജയദേവ് വ്യക്തമാക്കി. ഹെൽത്ത് ഇൻഷുറൻസ് ടി.പി.എ സർവീസസ് വൈസ് പ്രസിഡന്റ് ഡോ. സ്വരൂപ് വാസെ, ലിവ ഇൻഷുറൻസ് മേധാവി ഡോ. സുശാന്ത് കുമാർ, മണിപ്പാൽ സിഗ്ന ഹെൽത്ത് ഇൻഷുറൻസ് ബിസിനസ് ഓപ്പറേഷൻസ് മേധാവി ഡോ. ആശിഷ് യാദവ് തുടങ്ങിയവരും ചർച്ചയിൽ പങ്കെടുത്തു. ഉച്ചകോടിയുടെ സമാപനം മലേഷ്യൻ കോൺസുൽ ജനറൽ കെ. ശരവണകുമാർ ഉദ്ഘാടനം ചെയ്തു.



# കേരളത്തിൽ 150 കോടിയുടെ നിക്ഷേപവുമായി അവിഗ്ന

**കൊച്ചി:** രാജ്യത്തെ പ്രമുഖ വെയർഹൗസ് ആൻഡ് ലോജിസ്റ്റിക്സ് കമ്പനിയായ അവിഗ്ന 150 കോടിയുടെ നിക്ഷേപവുമായി കേരളത്തിലേക്ക്. അങ്കമാലി പുളിയനത്ത് നിർമാണം പൂർത്തീകരിച്ച ലോജിസ്റ്റിക് പാർക്കിന്റെ ഉദ്ഘാടനം വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് നിർവഹിക്കും. ചെന്നൈ ആസ്ഥാനമായി പ്രവർത്തനം തുടങ്ങിയ കമ്പനിയുടെ കേരളത്തിലെ ആദ്യ പാർക്കാണ് അങ്കമാലിയിലേത്. സംസ്ഥാനത്തിന്റെ വ്യവസായ വളർച്ചയ്ക്ക് മുതൽക്കൂട്ടാകുന്ന ഈ പദ്ധതിയിലൂടെ 1,500 പേർക്ക് പ്രത്യക്ഷമായും 250ലധികം പേർക്ക് പരോക്ഷമായും തൊഴിൽ അവസരമൊരുക്കിയിട്ടുണ്ട്.

21.35 ഏക്കറിൽ അഞ്ച് ലക്ഷം ചതുരശ്രയടി വിസ്തീർണത്തിൽ അത്യാധുനിക സൗകര്യങ്ങളോട് കൂടിയാണ് പാർക്ക് സജ്ജമാക്കിയിരിക്കുന്നത്. കേരളത്തെ ലോജിസ്റ്റിക്സ് ഹബ്ബാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഈ സംരംഭം സംസ്ഥാനത്തെ ആധുനിക വെയർഹൗസ്, ലോജിസ്റ്റിക്സ് അടിസ്ഥാന സൗകര്യ വികസന രംഗത്ത് വൻ കുതിച്ചു ചാട്ടത്തിന് വഴിയൊരുക്കും. ഇതിനോടകം ആമസോൺ, ഡിപി വേൾഡ്, ഫ് ളിപ്കാർട്ട്, റെക്കിറ്റ്, സോണി, ഫ്ളൈജാക്ക് തുടങ്ങിയ ആഗോള വൻകിട കമ്പനികൾ ഇവിടെ പ്രവർത്തനം തുടങ്ങിയതായി അധികൃതർ അറിയിച്ചു.

ഉദ്ഘാടനച്ചടങ്ങിൽ അവിഗ്ന ഗ്രൂപ്പ് മാനേജിങ് ഡയറക്റ്റർ എസ്. രാജശേഖരൻ അധ്യക്ഷത വഹിക്കും. പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ മുഖ്യാതിഥിയാകും. ബെന്നി ബെഹനാൻ എം.പി, റോജി എം. ജോൺ എം.എൽ.എ, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം മുഹമ്മദ് ഹനീഷ് , എറണാകുളം ജില്ലാ കലകടർ ജി. പ്രിയങ്ക, കെ.എസ്.ഐ.ഡി.സി മാനേജിംഗ് ഡയറക്റ്റർ വിഷ്ണുരാജ്, പാറക്കടവ് പഞ്ചായത്ത് പ്രസിഡന്റ് എസ്. വി ജയദേവൻ, വാർഡ് കൗൺസിലർ രാജമ്മ എന്നിവർ സംസാരിക്കും.

ദക്ഷിണേന്ത്യയിൽ ശക്തമായ സാന്നിധ്യമുള്ള കമ്പനിക്ക് തമിഴ്നാട്, കർണാടക, ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിൽ ഇൻഡസ്ട്രിയൽ ലോജിസ്റ്റിക്സ് പാർക്കുകൾ ഉണ്ട്. ഹൊസൂറിലെ 200 ഏക്കറിൽ സ്ഥിതി ചെയ്യുന്ന 6 ദശലക്ഷം (60 ലക്ഷം) ചതുരശ്രയടി വിസ്തൃതിയിലുള്ള പാർക്കാണ് അവിഗ്നയുടെ രാജ്യത്തെ ഏറ്റവും വലിയ പദ്ധതി. 50 വർഷത്തിലധികം പ്രവർത്തന പാരമ്പര്യമുള്ള അവിഗ്ന ഗ്രൂപ്പിന് ടെക്സ്റ്റൈൽസ്, വിദ്യാഭ്യാസം, റിയൽഎസ്റ്റേറ്റ് എന്നീ മേഖലകളിലും പങ്കാളിത്തമുണ്ട്. പത്രസമ്മേളനത്തിൽ അവിഗ്ന ഗ്രൂപ്പ് മാനേജിങ് ഡയറക്ടർ എസ്. രാജശേഖരൻ, ചീഫ് ഓപ്പറേറ്റിങ് ഓഫീസർ സുബോദ് മിശ്ര എന്നിവർ പങ്കെടുത്തു.

# ആമസോണിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ പിരിച്ചു വിടൽ; 30,000 ത്തോളം ജിവനക്കാരുടെ ജോലി പോകും

**ന്യൂഡൽഹി:** ആമസോണിൽ വൻ പിരിച്ചുവിടൽ. ചെലവു ചുരുക്കൽ, കാര്യക്ഷമമായ പ്രവർത്തനങ്ങൾ, ഓട്ടോമേഷൻ ത്വരിതപ്പെടുത്തൽ എന്നിവയുടെ ഭാഗമായി 30,000 ത്തോളം ജീവനക്കാരെ പിരിച്ചു വിടുന്നതായാണ് ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമായ ആമസോൺ വ്യക്തമാക്കുന്നത്. കമ്പനിയുടെ ചരിത്രത്തിലെ ഏറ്റവും വലിയ പിരിച്ചുവിടലാവും ഇത്. ഈ ആഴ്ച മുതൽ ഇമെയിൽ വഴി ജീവനക്കാർക്ക് അറിയിപ്പുകൾ ലഭിച്ചു തുടങ്ങുമെന്നാണ് റിപ്പോർട്ട്. ആമസോണിന്റെ 3,50,000 കോർപ്പറേറ്റ് ജീവനക്കാരിൽ ഏകദേശം 10 ശതമാനം പേരെ പിരിച്ചുവിടൽ ബാധിക്കും. എന്നിരുന്നാലും അതിന്റെ മൊത്തം 1.55 ദശലക്ഷം തൊഴിലാളികളുടെ ഒരു ഭാഗം മാത്രമാണ്.

# വേവ്സ് ആനിമേഷൻ ബസാറിനും ഇന്ത്യാജോയ് എട്ടാം പതിപ്പിനും ഹൈദരാബാദിൽ തുടക്കം

**ഹൈദരാബാദ്:** ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിയേറ്റീവ് ടെക്നോളജിയുടെ (ഐഐസിടി) മേഖലാ കേന്ദ്രം ഹൈദരാബാദിൽ ഉടൻ സ്ഥാപിക്കുമെന്ന് കേന്ദ്ര വാർത്താവിതരണ, പ്രക്ഷേപണ മന്ത്രാലയ സെക്രട്ടറി സഞ്ജയ് ജാജു പറഞ്ഞു. ഹൈദരാബാദിലെ ഹൈടെക്സ് എച്ച്ഐസിസിയിൽ വേവ്സ് ആനിമേഷൻ ബസാറും ഇന്ത്യാജോയ് 2025 എട്ടാം പതിപ്പും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഗെയിമിങ്, ആനിമേഷൻ, ഡിജിറ്റൽ വിനോദ വ്യവസായങ്ങളുടെ വളർച്ചയെ ഈ കേന്ദ്രം കൂടുതൽ ശക്തിപ്പെടുത്തുമെന്നും അദ്ദേഹം വ്യക്തമാക്കി. രാജ്യത്തുടനീളം ആദ്യമായി സർഗാത്മക സാങ്കേതിക വിദ്യ അധിഷ്ഠിതമായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിയേറ്റീവ് ടെക്നോളജി കേന്ദ്രങ്ങൾ സ്ഥാപിക്കുമെന്നും ഇതിന്റെ ഒരു കാമ്പസ് ഹൈദരാബാദിൽ വൈകാതെ നിലവിൽ വരുമെന്നും അദ്ദേഹം പറഞ്ഞു. രാജ്യത്തെ എവിജിസി മേഖലയുടെ സുപ്രധാന കേന്ദ്രമെന്ന നിലയിൽ ഹൈദരാബാദിന്റെ സ്ഥാനം കരുത്താർജിക്കുന്നത് തുടരുകയാണെന്ന് സഞ്ജയ് ജാജു അഭിപ്രായപ്പെട്ടു. ഇത് രാജ്യത്തിന്റെ സർഗ സമ്പദ് വ്യവസ്ഥയുടെ വളർച്ചയ്ക്ക് ആക്കം കൂട്ടുന്നു. ഇന്ത്യയുടെ മാധ്യമ, വിനോദ മേഖല അതിവേഗം വികസിക്കുകയാണ്. ഇത് ഇന്ത്യയുടെ സാംസ്കാരിക സ്വാധീനത്തിന്റെ സുപ്രധാന പ്രകടനമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇന്ത്യൻ ചലച്ചിത്ര മേഖലയെയും സർഗാത്മക സാങ്കേതിക വിദ്യയെയും മുന്നോട്ടുകൊണ്ടുപോകുന്നതിൽ ഹൈദരാബാദ് ഉൾപ്പെടെ ദക്ഷിണേന്ത്യ സുപ്രധാന പങ്കുവഹിക്കുന്നു. ലോകോത്തര നിലവാരത്തിലുള്ള സ്റ്റുഡിയോകളുടെയും നൂതനാശയങ്ങളും കലാപരമായ മികവും പ്രോത്സാഹിപ്പിക്കുന്ന നയപരമായ ചട്ടക്കൂടിന്റെയും പിന്തുണയോടെ നിരവധി പാൻഇന്ത്യൻ സിനിമകൾ ഹൈദരാബാദിൽ നിന്ന് നിർമിക്കപ്പെടുന്നുവെന്നും അദ്ദേഹം പറഞ്ഞു.






# വിദ്യാഭ്യാസ രംഗത്ത് നൈപുണ്യ വികസനത്തിന് കൂടുതൽ പ്രാധാന്യം നൽകണം: മന്ത്രി പി. രാജീവ്

**കൊച്ചി:** വിദ്യാഭ്യാസ മേഖലയിലെ നൈപുണ്യ വികസനം സംസ്ഥാന സർക്കാർ ഏറെ ശ്രദ്ധ കേന്ദ്രീകരിക്കുന്ന മേഖലയാണ്, നിലവിലുള്ള വിദ്യാഭ്യാസ സമ്പ്രദായത്തെ ആഗോള തൊഴിൽ വിപണിയുമായി ബന്ധിപ്പിക്കുന്നതാണ് കാലഘട്ടത്തിന്റെ ആവശ്യമെന്ന് മന്ത്രി പി. രാജീവ് കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ (കുസാറ്റ്) സ്കിൽ ഡവലപ്മെന്റ് ഹബ്ബിന്റെ ഉദ്ഘാടന ചടങ്ങിൽ പറഞ്ഞു. പാഠ്യപദ്ധതികളിൽ കാലാനുസൃതമായ മാറ്റങ്ങൾ എങ്ങനെ കൊണ്ടുവരാമന്ന് സർവകലാശാലകളും, സിൻഡിക്കേറ്റുകളും, അക്കാദമിക് കൗൺസിലുകളും ശ്രദ്ധ ചെലുത്തേണ്ടതാണെന്നും മന്ത്രി കൂട്ടിച്ചേർത്തു. വിദ്യാർത്ഥികളുടെ നൈപുണ്യ വികസനത്തിനായി പുതിയ തൊഴിൽ സംബന്ധമായ കോഴ്സുകൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ചും അദ്ദേഹം വിശദീകരിച്ചു. ഇതോടൊപ്പം സ്കിൽ ഡെവലപ്മെന്റ് ഹബ്ബിന്റ ലോഗോയും മന്ത്രി പ്രകാശനം ചെയ്തു.

ചടങ്ങിൽ കുസാറ്റ് വൈസ് ചാൻസലർ ഡോ. എം. ജുനൈദ് ബുഷിരി അധ്യക്ഷത വഹിച്ചു. കുസാറ്റ് സിൻഡികേറ്റ് അംഗം ഡോ. ശശി ഗോപാലൻ, രജിസ്ട്രാർ ഡോ. എ. യു അരുൺ ദീൻ ദയാൽ ഉപാദ്ധ്യായ കൗശൽ കേന്ദ്രയുടെയും സ്കിൽ ഡെവലപ്മെന്റ് ഹബ്ബിന്റെയും ഡയറക്ടർ ഡോ. എസ് .സന്തോഷ് കുമാർ, ഗണിത ശാസ്ത്ര വകുപ്പ് പ്രൊഫസറും സോഫ്റ്റ് സ്കിൽ കോർഡിനേറ്ററുമായ ഡോ. എസ്. അപർണ ലക്ഷ്മണൻ എന്നിവർ ഉദ്ഘാടന ചടങ്ങിൽ സംസാരിച്ചു. സമകാലിക തൊഴിൽ മേഖലയ്ക്ക് അനുയോജ്യമായ പ്രായോഗിക കഴിവുകളും സാങ്കേതിക വിജ്ഞാനവും നൽകി യുവജനത്തെ നവോത്ഥാന ചിന്തയുള്ള വ്യക്തികളായി വളരാൻ പ്രേരിപ്പിക്കുകയും, അവരെ പ്രാദേശിക ദേശീയ വികസനത്തിന് പ്രാപ്തരാക്കുക എന്നതാണ് ഹബ്ബിന്റെ ലക്ഷ്യം. ടെക്നോളജി, എഞ്ചിനിയറിംഗ്, സയൻസ്, മാത്തമാറ്റിക്സ് എന്നീ മേഖലകളിൽ വിദ്യാർത്ഥികളുടെ ഗവേഷണപഠന സാധ്യതകൾ വികസിപ്പിക്കുക, ലൈഫ്ലോങ് ലേണിംഗ് പദ്ധതികൾ സൃഷ്ടിച്ച് വിദ്യാഭ്യാസപ്രവർത്തി മേഖലകളിൽ മികവ് കൈവരിക്കാൻ സഹായിക്കുക, എന്നിവയാണ് ഈ പദ്ധതിയിലൂടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.




# ആഗോള സൗഹൃദത്തിന്റെയും സാംസ്കാരിക ഐക്യത്തിന്റെയും വേദിയായി വിശ്വദർശനം 2025

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല വിശ്വദർശനം 2025 എന്ന പരിപാടി സംഘടിപ്പിച്ചു. ലോകസാംസ്കാരിക വൈവിധ്യത്തെയും, ആഗോള സൗഹൃദത്തെയും, അന്താരാഷ്ട്ര സഹകരണ മനോഭാവത്തെയും ആഘോഷിച്ച ഈ പരിപാടിയിൽ വിവിധ രാജ്യങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളും ഗവേഷകരും പങ്കെടുത്തു.

ഇന്ത്യൻ കൗൺസിൽ ഫോർ കൾച്ചറൽ റിലേഷൻസ് ഡെപ്യൂട്ടി ഡയറക്ടർ ജനറലും വിദേശകാര്യ മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറിയുമായ എസ്. ഗോപാലകൃഷ്ണൻ, ഐ.എഫ്.എസ് പരിപാടി ഉദ്ഘാടനം ചെയ്തു.

ചടങ്ങിൽ കുസാറ്റ് വൈസ് ചാൻസലർ ഡോ. എം. ജുനൈദ് ബുഷിരി അദ്ധ്യക്ഷത വഹിച്ചു. സിൻഡിക്കേറ്റ് അംഗം ഡോ. പി. കെ ബേബി,രജിസ്ട്രാർ ഡോ. എ. യു അരുൺ, ഓഫീസ് ഓഫ് ഇന്റർനാഷണൽ റിലേഷൻസിന്റെ ഡയറക്ടർ ഡോ. എൻ. ഹരീഷ്. രാമനാഥൻ, ഐസിസിആർ സൗത്ത് സോൺ മേധാവി പാർദീപ് കുമാർ, ഡയറക്ടർ ഡോ. സാം തോമസ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

പരിപാടിയുടെ ഭാഗമായി ഓഫീസ് ഓഫ് ഇന്റർനാഷണൽ റിലേഷൻസിന്റെ ഔദ്യോഗിക വെബ്സൈറ്റിന്റെ പ്രകാശനം വൈസ് ചാൻസലർ ഡോ. എം. ജുനൈദ് ബുഷിരി നിർവഹിച്ചു. അന്തർദേശീയ സഹകരണം ശക്തിപ്പെടുത്തുന്നതിനുള്ള ഒരു പ്രധാനമായ മുന്നേറ്റമായി ഇതിനെ വിലയിരുത്തപ്പെട്ടു.

തുടർന്ന്, വിവിധ രാജ്യങ്ങളിൽ നിന്നുള്ള അന്താരാഷ്ട്ര വിദ്യാർത്ഥികൾ തങ്ങളുടെ ദേശസാംസ്കാരിക പൈതൃകത്തെ പ്രതിനിധീകരിക്കുന്ന സംഗീത, നൃത്ത, കലാപ്രകടനങ്ങൾ അവതരിപ്പിച്ചു.

പരിപാടിയുടെ പ്രധാന ആകർഷണമായി ഐസിസിആർ സ്പോൺസർ ചെയ്ത നർത്തകി സന്ധ്യ മനോജ് അവതരിപ്പിച്ച ഒഡിസി നൃത്താവതരണം നടന്നു. കുസാറ്റ് ഓഫീസ് ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ഓഫീസാണ് പരിപാടി സംഘടിപ്പിച്ചത്.

# വനാമി ചെമ്മീൻ കൃഷി: ധനസഹായത്തിന് അപേക്ഷിക്കാം

**ആലപ്പുഴ:** വനാമി ചെമ്മീൻ കൃഷി വികസന പദ്ധതിയുടെ 2025-26 വർഷത്തേക്കുള്ള ധനസഹായത്തിനുള്ള അപേക്ഷ ക്ഷണിച്ചു. സംസ്ഥാന ഫിഷറീസ് വകുപ്പ് ആവിഷ്ക്കരിച്ച് ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ കേരള (അഡാക്ക്) വഴി നടപ്പിലാക്കുന്ന പദ്ധതിയാണിത്.

ആലപ്പുഴ ജില്ലയിൽ നിലവിൽ സ്വന്തം നിലയ്ക്കോ പാട്ടത്തിനെടുത്തോ മറ്റ് ചെമ്മീൻ കൃഷി ചെയ്യുന്നവർക്കും പുതുതായി കൃഷി സ്ഥലം വികസിപ്പിക്കുവാനായി സാഹചര്യം ഉള്ളവർക്കും അപേക്ഷിക്കാം. അപേക്ഷ ഫോറങ്ങൾ അഡാക്കിന്റെ നീണ്ടകരയിലുള്ള ദക്ഷിണ മേഖലാ റീജിയണൽ എക്സിക്യൂട്ടിവിന്റെ ഓഫീസിൽ നിന്നും വാങ്ങാം . അപേക്ഷകൾ ബന്ധപ്പെട്ട രേഖകൾ ഉള്ളടക്കം ചെയ്ത് സമർപ്പിക്കേണ്ട അവസാന തീയതി നവംബർ നാലാണ്. കൂടുതൽ വിവരങ്ങൾക്കായി റീജിയണൽ എക്സിക്യൂട്ടീവ്, ദക്ഷിണ മേഖല, അഡാക്ക്, ഫിഷറീസ് കോംപ്ലക്സ്, നീണ്ടകര പി. ഒ, കൊല്ലം 691582 എന്ന വിലാസത്തിൽ നേരിട്ടോ 7907047852 എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടാവുന്നതാണ്.

# റവന്യൂ ജില്ലാ സ്കൂൾ കലോത്സവം: ലോഗോ ക്ഷണിച്ചു

**ആലപ്പുഴ:** നവംബർ 17 മുതൽ 21 വരെ ആലപ്പുഴ ലിയോ തേർട്ടീന്ത് ഹയർ സെക്കൻഡറി സ്കൂളിൽ നടക്കുന്ന ഈ വർഷത്തെ ആലപ്പുഴ റവന്യൂ ജില്ലാ സ്കൂൾ കലോത്സവത്തിന്റെ ലോഗോ ക്ഷണിച്ചു. ആലപ്പുഴ ജില്ലയുടെ ചരിത്രവും സാംസ്കാരിക പൈതൃകവും വിളിച്ചറിയിക്കുന്ന മനോഹരമായ ലോഗോ ആയിരിക്കണം. തെരഞ്ഞെടുക്കുന്നവയ്ക്ക് ക്യാഷ് അവാർഡും സമ്മാനങ്ങളും നൽകുന്നതായിരിക്കും. ലോഗോകൾ നവംബർ അഞ്ചാം തീയതി അഞ്ച് മണിക്ക് മുൻപായി സജിത്ത് ലാൽ, കൺവീനർ, പബ്ലിസിറ്റി കമ്മിറ്റി, ഗവ :ജി എച്ച് എസ്സ് എസ്സ് കായംകുളം, 690502എന്ന വിലാസത്തിലോ 8907252513 എന്ന വാട്സ്ആപ്പ് നമ്പറിലോ അയക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കായി 8907252513, 9447119217, 9446550089എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

# ഖാദി തുണിത്തരങ്ങൾക്ക് 30% വരെ കിഴിവ്

**പാലക്കാട്:** കേരളപ്പിറവി ദിനത്തോടനുബന്ധിച്ച് കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് സംഘടിപ്പിക്കുന്ന സ്പെഷ്യൽ റിബേറ്റ് മേളയ്ക്ക് തുടക്കം. നവംബർ അഞ്ച് വരെ നടക്കുന്ന മേളയിൽ, ഖാദി തുണിത്തരങ്ങൾക്ക് 30% വരെ ഗവൺമെന്റ് റിബേറ്റ് അനുവദിച്ചിട്ടുണ്ട്. ഖാദി ബോർഡിന്റെ കീഴിലുള്ള വിൽപ്പന കേന്ദ്രങ്ങളിൽ റിബേറ്റ് ലഭ്യമാകും. കോട്ട മൈതാനം, ടൗൺ ബസ് സ്റ്റാൻഡ് കോംപ്ലക്സ് എന്നിവിടങ്ങളിലെ ഖാദി ഗ്രാമ സൗഭാഗ്യ ഷോറൂമുകൾ , തൃത്താല, കുമ്പിടി, കൊല്ലങ്കോട് എന്നിവിടങ്ങളിലുള്ള ഖാദി ഷോറുമുകളിലും , മണ്ണൂർ, ശ്രീകൃഷ്ണപുരം, പട്ടഞ്ചേരി, കളപ്പെട്ടി, വിളയോടി, എലപ്പുള്ളി, കിഴക്കഞ്ചേരി, മലക്കുളം, ചിതലി എന്നീ ഗ്രാമശിൽപ്പകളിലും പ്രത്യേക മേളകൾ സംഘടിപ്പിച്ചിട്ടുണ്ട്. മേളയോടനുബന്ധിച്ച് എല്ലാ വിൽപ്പന ശാലകളിലും ഖാദി കോട്ടൺ, സിൽക്ക്, മനില ഷർട്ടിങ് എന്നീ തുണിത്തരങ്ങളും, ഒപ്പം ഉന്ന കിടക്കകൾ, തേൻ, മറ്റ് ഗ്രാമ വ്യവസായ ഉൽപ്പന്നങ്ങളും ഒരുക്കിയിട്ടുണ്ട്. സർക്കാർ, അർദ്ധസർക്കാർ ജീവനക്കാർക്ക് ഒരു ലക്ഷം രൂപ വരെ ക്രെഡിറ്റ് സൗകര്യവും ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0491-2534392.

# കുടുംബശ്രീ ദേശീയ സരസ് മേള: സമ്മാനകൂപ്പൺ വിതരണം ചെയ്തു

**പാലക്കാട്:** കുടുംബശ്രീയും കേന്ദ്ര ഗ്രാമവികസന മന്ത്രാലയവും സംയുക്തമായി 2026 ജനുവരി രണ്ടു മുതൽ 11 വരെ പാലക്കാട് തൃത്താല ചാലിശ്ശേരിയിൽ സംഘടിപ്പിക്കുന്ന ദേശീയ സരസ് മേളയുടെ സമ്മാനക്കൂപ്പണുകൾ വിതരണം ചെയ്തു. ജില്ലയിലെ 97 സി.ഡി.എസ്സുകൾക്കായി ആദ്യഘട്ട സമ്മാന കൂപ്പണുകൾ ഹോട്ടൽ ഗസാലയിൽ കുടുംബശ്രീ ജില്ലാമിഷൻ കോർഡിനേറ്റർ ബി. എസ് മനോജ്, അസിസ്റ്റന്റ് ജില്ലാ മിഷൻ കോർഡിനേറ്റർ എസ്. അനുരാധ എന്നിവർ സി.ഡി.എസ് ചെയർപേഴ്സൺമാർക്ക് വിതരണം ചെയ്തു.

അമ്പത് രൂപയാണ് സമ്മാനക്കൂപ്പണിന്റെ വില. ഒരാൾക്ക് എത്ര കൂപ്പണുകൾ വേണമെങ്കിലും വാങ്ങാവുന്നതാണ്. വിജയികൾക്ക് ഒന്നാം സമ്മാനം സ്വിഫ്റ്റ് കാർ, രണ്ടാം സമ്മാനമായി ബൈക്ക്, മൂന്നാം സമ്മാനമായി എൽ.ഇ.ഡി ടി.വി, നാലാം സമ്മാനമായി ഫ്രിഡ്ജ് എന്നിവ ലഭിക്കും. ഇതു കൂടാതെ സ്വർണ നാണയങ്ങൾ ഉൾപ്പെടെ നിരവധി പ്രോത്സാഹന സമ്മാനങ്ങളും ഉണ്ട്. സരസ് മേളയുടെ സമാപനത്തോടനുബന്ധിച്ചാണ് നറുക്കെടുപ്പ്.

ജില്ലാ പ്രോഗ്രാം മാനേജർമാർ, കുടുംബശ്രീ ജില്ലാ മിഷൻ സ്റ്റാഫ് അംഗങ്ങൾ, ബ്ലോക്ക് കോർഡിനേറ്റർമാർ, അക്കൗണ്ടന്റുമാർ, മെമ്പർ സെക്രട്ടറിമാർ, ട്രൈബൽ അനിമേറ്റർമാർ, സമുന്നത മെന്റ്റർമാർ, കുടുംബശ്രീ പ്രവർത്തകർ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# അമലിന്റെ തുടിക്കുന്ന ഹൃദയവുമായി അജ്മൽ ആശുപത്രി വിട്ടു

**കൊച്ചി:** അമലിന്റെ തുടിക്കുന്ന ഹൃദയതാളത്തിൽ കുടുംബത്തിന് നന്ദി പറഞ്ഞ് അജ്മൽ ആശുപത്രി വിട്ടു. രണ്ടാഴ്ച മുൻപാണ് മലപ്പുറം പൊന്നാനി സ്വദേശി അജ്മൽ (33) ലിസി ആശുപത്രിയിൽ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് വിധേയനായത്. മസ്തിഷ്ക മരണം സംഭവിച്ച തിരുവനന്തപുരം സ്വദേശി അമൽ ബാബുവിന്റെ (25) ബന്ധുക്കൾ അവയവദാനത്തിന് സമ്മതം അറിയിച്ചതിനെ തുടർന്നാണ് അജ്മലിന് പുതുജീവൻ ലഭിച്ചത്. ഈ വർഷം ജനുവരി മാസത്തിലാണ് തന്റെ പ്രവാസ ജീവിതത്തിനിടയിൽ അജ്മലിന് ഗുരുതരമായ ഹൃദയാഘാതം ഉണ്ടാകുന്നത്. തുടർന്ന് ഹൃദയ പരാജയം സംഭവിക്കുയായിരുന്നു. ചികിത്സിച്ച ഡോക്ടർമാർ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തണമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് അജ്മൽ ലിസി ആശുപത്രിയിൽ എത്തി ഡോക്ടർ ജോസ് ചാക്കോ പെരിയപ്പുറം, ഡോ. റോണി മാത്യു കടവിൽ എന്നിവരെ കണ്ടത്. സർക്കാർ സൗജന്യമായി വിട്ടു നൽകിയ ഹെലികോപ്റ്ററിലാണ് ഹൃദയം തിരുവനന്തപുരത്ത് നിന്നും കൊച്ചിയിൽ എത്തിച്ചത്. ഗ്രാൻഡ് ഹയാത്തിൽ നിന്നും പോലിസ് സേനയുടെ സഹയത്തോടെ ഗ്രീൻ കോറിഡോർ സൃഷ്ടിച്ച് കേവലം നാലു മിനിറ്റ് കൊണ്ടാണ് ലിസി ആശുപത്രിയിൽ എത്തിച്ചേർന്നത്.



കടുത്ത വേദനയിലും അമലിന്റെ അവയവങ്ങൾ ദാനം ചെയ്യുവാൻ തയ്യാറായ അമലിന്റെ കുടുംബത്തിനും, ഹെലികോപ്റ്റർ വിട്ടു നൽകിയ സർക്കാരിനും, എല്ലാ ക്രമീകരണങ്ങൾക്കും നേതൃത്വം നൽകിയ പോലീസ് ഡിപ്പാർട്ട്മെന്റിനും അജ്മൽ നന്ദി പറഞ്ഞു. അജ്മലിന് ശസ്ത്രക്രിയയുടെ സമയത്ത് രക്തം നൽകേണ്ട ആവശ്യം പോലും വന്നില്ലെന്നും ആരോഗ്യനില പൂർണ്ണ തൃപ്തികരമാണെന്നും ഡോക്ടർ ജോസ് ചാക്കോ പെരിയപ്പുറം പറഞ്ഞു. അവയവദാനത്തിന്റെ ഏകോപനത്തിന് നേതൃത്വം നൽകുന്ന കെ സോട്ടോയുടെ പ്രവർത്തനങ്ങളെ അദ്ദേഹം പ്രത്യേകം അഭിനന്ദിച്ചു.

ഡോ. ജേക്കബ്ബ് എബ്രഹാം, ഡോ. ഭാസ്കർ രംഗനാഥൻ, ഡോ. ജീവേഷ് തോമസ്, ഡോ. ജോ ജോസഫ്, ഡോ. പി. മുരുകൻ, ഡോ. ജോബ് വിൽസൺ, ഡോ. അരുൺ ജോർജ്, ഡോ. ഗ്രേസ് മരിയ, ഡോ. ആന്റണി ജോർജ്, ഡോ. ആയിഷ നാസർ, രാജി രമേഷ്, സൗമ്യ സുനീഷ്, ബേസിൽ സ്കറിയ, സാജൻ ഐസക്ക് എന്നിവർ ശസ്ത്രക്രിയയിലും തുടർ ചികിത്സയിലും പങ്കാളികൾ ആയിരുന്നു. ആശുപത്രി ഡയറക്ടർ ഫാ. പോൾ കരേടന്റെ നേതൃത്വത്തിലാണ് ആശുപത്രിയിൽ നിന്നും അജ്മലിനെ യാത്രയാക്കിയത്. ഫാ. റോജൻ നങ്ങേലിമാലിൽ, ഫാ. റെജു കണ്ണമ്പുഴ, ഫാ. ഡേവിസ് പടന്നയ്ക്കൽ, ഫാ. ജെറ്റോ തോട്ടുങ്കൽ, ചികിത്സക്ക് നേതൃത്വം നൽകിയ ഡോക്ടർമാർ, ആശുപത്രി ജീവനക്കാർ തുടങ്ങിയവരും ചടങ്ങിൽ എത്തിയിരുന്നു.

# ഹൃദ്രോഗനിർണയത്തിലും ചികിത്സയിലും ഇനി നിർമ്മിത ബുദ്ധിയുടെ യുഗം




**കൊച്ചി:** കാർഡിയോളജിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യ കേരള ചാപ്റ്ററിന്റെ (CSIK) സംസ്ഥാന സമ്മേളനം നടന്നു.സി. എസ്. ഐ കേരള ചാപ്റ്റർ പ്രസിഡന്റ് ഡോ. കെ. ശിവപ്രസാദ് സമ്മേളനം ഉദ്ഘാടനം ചെയ്തു. ഹൃദ്രോഗ നിർണ്ണയത്തിനും ചികിത്സകൾക്കും നിലവിലുള്ള സാങ്കേതികവിദ്യകളെ അടിമുടി പരിവർത്തനം ചെയ്യുന്ന ഏറ്റവും വലിയ ശക്തിയായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അഥവാ നിർമ്മിത ബുദ്ധി മാറിക്കഴിഞ്ഞുവെന്ന് ഡോ. കെ. ശിവപ്രസാദ് പറഞ്ഞു. എക്കോകാർഡിയോഗ്രാമുകൾ, സി.ടി സ്കാനുകൾ, എം.ആർ.ഐകൾ എന്നിവയുൾപ്പെടെ ആയിരക്കണക്കിന് ഹൃദയ ചിത്രങ്ങൾ നിമിഷങ്ങൾക്കുള്ളിൽ വിശകലനം ചെയ്യാൻ മെഷീൻലേണിംഗ് ഉപകരണങ്ങൾക്ക് കഴിയും. മനുഷ്യന്റെ കാഴ്ച്ചയ്ക്കും വിശകലത്തിനുമപ്പുറം കൃത്യതയോടെ വാൽവ് വൈകല്യങ്ങൾ, ബ്ലോക്കുകൾ, ഹൃദയപേശി ബലഹീനത എന്നിവ അതിവേഗം തിരിച്ചറിയാൻ എ.ഐ ക്ക് സാധിക്കും. ഇതുവഴി ശരിയായ ചികിത്സ തീരുമാനിച്ച് കൃത്യതയോടെയും സുരക്ഷിതമായും നടപ്പാക്കാൻ സാധിക്കും. ആധുനിക കാത്ത് ലാബുകളിൽ ആൻജിയോഗ്രാമുകൾ വ്യാഖ്യാനിക്കുന്നതിനും, ഹൃദയത്തിലെ രക്തപ്രവാഹ പാറ്റേണുകൾ അളക്കുന്നതിനും, ഇന്റർവെൻഷൻ ചികിത്സ ആരംഭിക്കുന്നതിന് മുമ്പ് സ്റ്റെന്റുകളുടെ വലുപ്പവും സ്ഥാനവും നിർദ്ദേശിക്കുന്നതിനും എ.ഐ ക്ക് സാധിക്കും. ഇത് നടപടിക്രമ സമയവും സങ്കീർണതകളും കുറയ്ക്കുന്നു. ഡോ. കെ. ശിവപ്രസാദ് പറഞ്ഞു. ഓർഗനൈസിങ്ങ് ചെയർമാൻ ഡോ. വി. ആനന്ദ് കുമാർ, ഓർഗനൈസിംഗ് സെക്രട്ടറി ഡോ. പോൾ തോമസ്, ട്രഷറർ ഡോ. വിജോ ജോർജ്, സയന്റിഫിക് കമ്മിറ്റി ചെയർമാൻ ഡോ. പി. കെ. അശോകൻ, സി.എസ്.ഐ.കെ സെക്രട്ടറി ഡോ. എസ്. എം. അഷ്റഫ്, ഡോ. പി. രവീന്ദ്രൻ എന്നിവർ ഉദ്ഘാടന സെഷനിൽ സംസാരിച്ചു. പ്രമേഹത്തെയും ഹൃദയസ്തംഭനത്തെയും നിയന്ത്രിക്കുന്ന പുതിയ മരുന്നുകളെക്കുറിച്ചും പ്രത്യേക സെഷനുകൾ നടന്നു.സങ്കീർണ്ണതയേറിയ ചികിത്സകളായ ബൈകസ്പിഡ് വാൽവുമായി ജനിക്കുന്ന കുട്ടികളിലെ ട്രാൻസ്കത്തീറ്റർ അയോർട്ടിക് വാൽവ് ഇംപ്ലാന്റേഷൻ, ഹൃദയ വാൽവ് ചോർച്ചക്കുള്ള ട്രാൻസ്കത്തീറ്റർ എഡ്ജ്ടുഎഡ്ജ് റിപ്പയർ, കാഠിന്യമേറിയ കാൽസിഫൈഡ് ബ്ലോക്കുകൾ പൊട്ടിക്കുന്ന സാങ്കേതികവിദ്യകൾ , ഉയർന്ന അപകടസാധ്യതയുള്ള ഇന്റർവെൻഷൻ ചികിത്സകളിൽ ഹൃദയത്തിന് നൽകുന്ന മെക്കാനിക്കൽ പമ്പിങ്ങ് സപ്പോർട്ട് , ഹൃദയ പരാജയത്തിലെ ബണ്ടിൽ ബ്രാഞ്ച് പേസിംഗ് എന്നിവയെക്കുറിച്ച് സുപ്രധാന സെഷനുകൾ നടന്നു.



## വികസനത്തിനൊപ്പം ജൈവവൈവിധ്യ സംരക്ഷണത്തിനും പ്രാധാന്യം നൽകും: മന്ത്രി എ കെ ശശീന്ദ്രൻ

**കോഴിക്കോട്:** വികസനത്തിനൊപ്പം ജൈവവൈവിധ്യ സംരക്ഷണത്തിനും പ്രാധാന്യം നൽകുന്ന നിലപാടാണ് സർക്കാർ ഉയർത്തിപ്പിടിക്കുന്നതെന്ന് വനം,വന്യജീവി വകുപ്പ് മന്ത്രി എ, കെ ശശീന്ദ്രൻ. വടകര നഗരസഭയുടെ ജൈവവൈവിധ്യ രജിസ്റ്ററിന്റെ രണ്ടാം ഭാഗം പ്രകാശനം ചെയ്യുകയായിരുന്നു മന്ത്രി. ജൈവവൈവിധ്യ മേഖലയുടെ പ്രാധാന്യം മനസ്സിലാക്കാതെയുള്ള മനുഷ്യന്റെ അമിത ഇടപെടൽ ആവാസ വ്യവസ്ഥയെ ബാധിച്ചിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണത്തിൽ മനുഷ്യൻ കാണിക്കുന്ന അലംഭാവമാണ് പ്രകൃതിദുരന്തങ്ങൾക്ക് കാരണമാകുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. അധ്യാപകനും പരിസ്ഥിതി പ്രവർത്തകനുമായ ഡോ. ദിലീപ് മാസ്റ്ററെ ചടങ്ങിൽ ആദരിച്ചു.

വടകര മുനിസിപ്പൽ പാർക്ക് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ നഗരസഭ ചെയർപേഴ്സൺ കെ. പി ബിന്ദു അധ്യക്ഷയായി. വൈസ് ചെയർമാൻ പി. കെ സതീശൻ മാസ്റ്റർ, സ്ഥിരം സമിതി അധ്യക്ഷരായ എ .പി പ്രജിത, സിന്ധു പ്രേമൻ, രാജിത പതേരി, കൗൺസിൽ പാർട്ടി ലീഡർമാരായ എൻ. കെ പ്രഭാകരൻ, കെ. കെ വനജ, സെക്രട്ടറി ഡി. വി സനൽകുമാർ, ബയോ ഡൈവേഴ്സിറ്റി കൺവീനർ രാജേഷ് ഗുരുക്കൾ, ഹരിത കേരളം മിഷൻ ബ്ലോക്ക് കോഓഡിനേറ്റർ പി. ഷംന, ടെക്നിക്കൽ അസിസ്റ്റന്റ് വിവേക് എന്നിവർ സംസാരിച്ചു.



## ഭൂവിഷയങ്ങളിൽ തർക്കരഹിതമായ കേരളം സൃഷ്ടിക്കുക ലക്ഷ്യം മന്ത്രി കെ. രാജൻ

**കോഴിക്കോട്:** 2031ൽ സംസ്ഥാനം 75ാം വയസ്സിലേക്ക് കടക്കുമ്പോൾ, ഭൂവിഷയങ്ങളിൽ തർക്കരഹിതമായ കേരളം സൃഷ്ടിക്കുക എന്ന നടപടിക്രമങ്ങളിലേക്ക് ഘട്ടം ഘട്ടമായി പോകുകയാണെന്ന് മന്ത്രി കെ. രാജൻ. 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്' ലക്ഷ്യത്തിന്റെ ഭാഗമായി സംഘടിപ്പിച്ച ജില്ലാതല പട്ടയമേള ഓൺലൈനായി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ഭൂരഹിതരില്ലാത്ത കേരളമെന്നതാണ് സർക്കാർ നയം. സംസ്ഥാനത്ത് ഇന്നൊരു ദിവസം പട്ടയം ലഭിക്കുന്നതിലൂടെ 10,002 കുടുംബങ്ങൾ ഭൂമിയുടെ അവകാശികളായി മാറുകയാണെന്നും മന്ത്രി പറഞ്ഞു.

ഈ സർക്കാറിന്റെ കാലയളവിൽ 2,33,947 കുടുംബങ്ങളെ ഭൂമിയുടെ ഉടമകളാക്കാനായി. ഒമ്പത് വർഷത്തിനിടെ 4,13,000 പട്ടയം നൽകാനായി. സർക്കാർ കാലാവധി പൂർത്തിയാക്കും മുമ്പ് അഞ്ച് ലക്ഷം പട്ടയങ്ങളായി അത് വർധിപ്പിക്കാനുള്ള അതിവേഗ പ്രയത്നം തുടരുകയാണ്. എല്ലാവർക്കും ഭൂമി നൽകാൻ വേണ്ടി ആരംഭിച്ച പട്ടയമിഷൻ കേരള ചരിത്രത്തിലെ ഒരു നവാനുഭമാണ്. ഭൂമി സംബന്ധമായ എല്ലാ രേഖകളും ലഭിക്കുന്നതിനായി സെൻട്രലൈസ്ഡ് ഡാറ്റാ ബാങ്കുകൾ നിലവിൽ വരുമെന്നും മന്ത്രി പറഞ്ഞു.

ജില്ലയിലെ വിവിധ താലൂക്കുകളിലുള്ള 1,272 കുടുംബങ്ങൾക്കാണ് മേളയിൽ പട്ടയങ്ങൾ വിതരണം ചെയ്തത്.

കോഴിക്കോട്, താമരശ്ശേരി, വടകര, കൊയിലാണ്ടി താലൂക്കുകളിൽ 1,027 ലാൻഡ് ട്രിബ്യൂണൽ പട്ടയം, 149 നാലു സെന്റ് ലക്ഷം വീട് ഉന്നതി പട്ടയം, താമരശ്ശേരി താലൂക്കിലെ പാറ പുറമ്പോക്ക് ഭൂമിയിലെ കൈവശക്കാർക്കുള്ള 26 പട്ടയം, താമരശ്ശേരി, കോഴിക്കോട് താലൂക്കുകളിലെ 40 കുടുംബങ്ങൾക്കുള്ള മിച്ചഭൂമി പട്ടയം, കോഴിക്കോട്, താമരശ്ശേരി, കൊയിലാണ്ടി താലൂക്കുകളിലെ 20 കുടുംബങ്ങൾക്ക് ലാൻഡ് അസൈൻമന്റ് പട്ടയം, 10 ദേവസ്വം പട്ടയം എന്നിങ്ങനെയാണ് വിതരണം ചെയ്തത്.

കോവൂർ പി കൃഷ്ണപിള്ള ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ തോട്ടത്തിൽ രവീന്ദ്രൻ എം.എൽ.എ അധ്യക്ഷനായി. എം.എൽ.എമാരായ ടി. പി രാമകൃഷ്ണൻ, ലിന്റോ ജോസഫ്, ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിങ്, അസി. കലക്ടർ എസ്. മോഹനപ്രിയ, ലാൻഡ് ആൻഡ് റവന്യൂ ഡെപ്യൂട്ടി കലക്ടർ പി. എൻ പുരുഷോത്തമൻ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. പി. ഗവാസ്, മറ്റു ജനപ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ സംസാരിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY



# ചാർട്ടേർഡ് അക്കൗണ്ടന്റുമാർ രാജ്യ പുരോഗതിയിലെ പങ്കാളികൾ: ഗവർണർ ഡോ. സി.വി ആനന്ദബോസ്

**കൊച്ചി:** ചാർട്ടേർഡ് അക്കൗണ്ടന്റുമാർ രാജ്യപുരോഗതിയിലെ പങ്കാളികളാണെന്ന് ബംഗാൾ ഗവർണർ ഡോ.സി.വി ആനന്ദബോസ്. കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടെ രാജ്യം വലിയ പരിവർത്തനത്തിന് വിധേയമായി. കരുത്തുറ്റ രാജ്യമെന്ന നിലയിൽ ഇന്ത്യയുടെ മുന്നേറ്റത്തിന് കരുത്ത് പകരുന്നത് ചാർട്ടേർഡ് അക്കൗണ്ടന്റുമാരാണെന്നും അദ്ദേഹം പറഞ്ഞു. ദി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ടന്റ് ഓഫ് ഇന്ത്യ ബോർഡ് ഓഫ് സ്റ്റഡീസ് സംഘടിപ്പിച്ച സി എ വിദ്യാർഥികളുടെ ദേശീയ സമ്മേളനം കൊച്ചിയിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു ബംഗാൾ ഗവർണർ. വിദ്യാഭ്യാസം കൊണ്ടാണ് ജനങ്ങൾ ശാക്തീകരിക്കടേണ്ടത്.ഏറ്റവും മികച്ചതാകാനുള്ള പരിശ്രമമാണ് വിദ്യാർഥികൾ നടത്തേണ്ടതെന്നും അദ്ദേഹം ഓർമ്മപ്പെടുത്തി. വിശിഷ്ടാതിഥിയായി പങ്കെടുത്ത ജസ്റ്റിസ് ദേവൻ രാമചന്ദ്രനെ ജനങ്ങളുടെ ജഡ്ജിയെന്നാണ് ബംഗാൾ ഗവർണർ വിശേഷിപ്പിച്ചത്. ദേവൻ രാമചന്ദ്രന്റെ ജനപ്രിയത അദ്ദേഹത്തിന്റെ മികവിൽ നിന്ന് നേടിയെടുത്തതാണ്. അത്തരം മികവിനായി ഓരോരുത്തരും പരിശ്രമിക്കണമെന്നും ഗവർണർ പറഞ്ഞു.

ഇന്ത്യൻ ഭരണഘടനയാണ് ലോകത്തെ ഏറ്റവും മികച്ചതെന്ന് ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ പറഞ്ഞു. നമ്മുടെ ശക്തി ആയുധങ്ങളല്ല , മറിച്ച് മികവാണെന്നും അദ്ദേഹം പറഞ്ഞു. നിരന്തരം പരിശ്രമത്തിന്റെയും നേട്ടത്തിന്റെയും ഉയർന്ന തലങ്ങളിലേക്ക് ഉയരുന്നതിന്, വ്യക്തിഗതവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മേഖലകളിലും മികവിനായി പരിശ്രമിക്കുക എന്നത് ഭരണഘടനയുടെ ആർട്ടിക്കിൾ 51 (എ)ജെ അനുസരിച്ച് ഒരു പൗരന്റെ അടിസ്ഥാന കടമയാണെന്ന് അദ്ദേഹം ഓർമിപ്പിച്ചു. ജീവിതത്തിലുടനീളം സത്യസന്ധത കൈവിടരുതെന്നും യുവാക്കൾ നാടിനെ നയിക്കുന്നവരായി മാറണമെന്നും ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ പറഞ്ഞു. ഐ.സി.എ.ഐ പ്രസിഡന്റ് ചരൺ ജ്യോത് സിംഗ് നന്ദ അധ്യക്ഷത വഹിച്ചു. ബാബു എബ്രഹാം കള്ളിവയലിൽ, രോഹിത് റുവാഡിയ, സഞ്ജിബ് സാംഗി , എ. എസ് ആനന്ദ്, ദീപ വർഗീസ്, ജോളി സ്റ്റീഫൻ എന്നിവർ പ്രസംഗിച്ചു.



# പ്രൊഫ. എം. കെ സാനു  തലമുറയെ സ്വാധീനിച്ച വ്യക്തിത്വം: ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ

**കൊച്ചി:** വാക്കുകളുടെ ശക്തി ബോധ്യപ്പെടുത്തി തന്ന പ്രാസംഗികനായിരുന്നു പ്രൊഫ. എം. കെ സാനുവെന്ന് ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ. ഒരു തലമുറയെ സ്വാധീനിച്ച വ്യക്തിത്വമായിരുന്നു സാനു മാഷെന്നും അദ്ദേഹം പറഞ്ഞു. എം. കെ സാനു ഫൗണ്ടേഷനും വൈ. എം. സി. എ എറണാകുളവും സംയുക്തമായി സംഘടിപ്പിച്ച പ്രൊഫ. എം. കെ സാനു സ്മാരക പ്രസംഗ മത്സരം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഒരു മത്സരവും ജയിക്കാനല്ല, മറിച്ച് മികച്ച കഴിവുകൾ പ്രകടിപ്പിക്കാൻ വേണ്ടിയാകണം. കുറവുകൾ കണ്ടുപിടിക്കുമോയെന്ന ഭയം കുട്ടികൾ മാറ്റണം. കേരളത്തിലെ കുട്ടികൾ ബൗദ്ധികപരമായി ഏറ്റവും മുന്നിലാണ്. അവർക്ക് പ്രചോദനം നൽകുകയാണ് വേണ്ടത്. എത്ര മത്സരങ്ങളിൽ പങ്കെടുത്തു എന്നതാണ് പ്രധാനം, എത്രയെണ്ണത്തിൽ ജയിച്ചു എന്നതിലല്ലെന്നും ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ ഓർമ്മിപ്പിച്ചു. വൈ. എം. സി. എ എറണാകുളം പ്രസിഡന്റ് മാത്യു മുണ്ടാട്ട് അധ്യക്ഷത വഹിച്ചു. വൈ. എം. സി. എ  പ്രോഗ്രാം കമ്മിറ്റി ചെയർമാൻ ഷോൺ ജെഫ് ക്രിസ്റ്റഫർ, ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ്, , അഡ്വ.  എം. ആർ ഹരിരാജ്, എം. കെ സാനു മാഷിന്റെ മകൻ എം. എസ് രഞ്ജിത്ത്, റെജി എ. ജോർജ്

വൈ. എം. സി. എ ജനറൽ സെക്രട്ടറി ആന്റോ ജോസഫ് എന്നിവർ പ്രസംഗിച്ചു. പ്രസംഗ മൽസരത്തിൽ ഒന്നാം സ്ഥാനം അരീക്കൽ ഫബ്രിസിയോ ജോസ്(എം.എ കോളേജ് കോതമംഗലം), രണ്ടാം സ്ഥാനം  റിഗ ബാബു( മഹാരാജാസ് കോളേജ് എറണാകുളം), മൂന്നാം സ്ഥാനം സ്റ്റീവൻ (സെന്റ് ആൽബർട്ട്സ് കോളേജ്) എന്നിവർ കരസ്ഥമാക്കി.

# ഭവൻസ് ഫെസ്റ്റ്: കാക്കനാട് ആദർശ വിദ്യാലയം ജേതാക്കൾ

**കാക്കനാട്:** 27ാമത് ഓൾ കേരള ഭവൻസ് ഫെസ്റ്റിൽ ആതിഥേയരായ കാക്കനാട് ആദർശ വിദ്യാലയം കാറ്റഗറി രണ്ട്, മൂന്ന് വിഭാഗങ്ങളിൽ ജേതാക്കളായി  ഓവറോൾ ചാംപ്യൻ പട്ടം കരസ്ഥമാക്കി. കാറ്റഗറി രണ്ടിൽ ഗിരിനഗർ ഭവൻസ് വിദ്യാമന്ദിറും കാറ്റഗറി മൂന്നിൽ ഭവൻസ് എളമക്കരയും ഫസ്റ്റ് റണ്ണറപ്പായി. ഫെസ്റ്റിന്റെ ഉദ്ഘാടനം കേരള മുൻ ചീഫ് സെക്രട്ടറിയും കവിയും എഴുത്തുകാരനുമായ കെ. ജയകുമാർ നിർവഹിച്ചു. വിദ്യാർഥികളുടെ സമഗ്ര വളർച്ചയ്ക്ക്



കലാ ,സാംസ്കാരികോത്സവങ്ങളുടെ പ്രാധാന്യം വലുതാണെന്ന് അദ്ദേഹം വ്യക്തമാക്കി. ഭാരതീയ വിദ്യാ ഭവൻ കൊച്ചി കേന്ദ്ര ചെയർമാൻ വേണു ഗോപാൽ സി. ഗോവിന്ദ് അധ്യക്ഷത വഹിച്ചു. ഡയറക്ടർ ഇ. രാമൻകുട്ടി, ഡെപ്യൂട്ടി ഡയറക്ടർ കെ. സുരേഷ്, പ്രിൻസിപ്പൽ കല്യാണി ശ്രീകുമാർ, വൈസ് പ്രിൻസിപ്പൽമാരായ പി. ജ്യോതി, എസ്. ഇന്ദു, അസിസ്റ്റന്റ് വൈസ് പ്രിൻസിപ്പൽ സി. സിന്ധു നായർ, പി. ടി. എ പ്രസിഡന്റ് ബിനു എസ്. നായർ എന്നിവർ പ്രസംഗിച്ചു.

ഗായകരായ ജിതിൻ രാജും പൂർണശ്രീ ഹരിദാസും വിജയികൾക്ക് ട്രോഫികൾ വിതരണം ചെയ്തു. കാറ്റഗറി ഒന്നും, നാലും മത്സരങ്ങൾ നേരത്തെ തിരുവനന്തപുരത്ത് നടത്തിയിരുന്നു.

# എ.ഒ.ഐ: ഭാരവാഹികളെ തിരഞ്ഞെടുത്തു

**കൊച്ചി:**ഇ.എൻ.ടി സർജന്മാരുടെ സംഘടനയായ അസോസിയേഷൻ ഓഫ്  ഓട്ടോലാരിഞ്ചോളജിസ്റ്റ് ഓഫ് ഇന്ത്യ (എ.ഒ.ഐ) കൊച്ചി ചാപ്റ്റർ പ്രസിഡന്റായി ഡോ. പ്രീതി മേരിയും സെക്രട്ടറിയായി ഡോ. ടി.പി അരൂഷും തിരഞ്ഞെടുക്കപ്പെട്ടു.




ഡോ. പ്രീതി മേരി, ഡോ. ടി.പി അരൂഷ്

ഡോ. ശാരദാ ശ്രീനാഥ് ആണ് പുതിയ ട്രഷറർ.

# മത സംവരണം:  ദേശീയ പിന്നാക്ക കമ്മീഷൻ തീരുമാനം സ്വാഗതാർഹം: വിഎച്ച്പി


**കൊച്ചി :** ഭരണഘടനയ്ക്ക് വിരുദ്ധമായി കേരളത്തിൽ  നടപ്പാക്കിയിരിക്കുന്ന മുസ്ലീം, ക്രൈസ്തവ മത സംവരണം തെറ്റാണെന്ന് ദേശീയ പിന്നാക്ക കമ്മീഷന്റെ നിലപാട് സ്വാഗതാർഹമെന്ന് വിശ്വ ഹിന്ദു പരിഷത്ത് സംസ്ഥാന ജനറൽ സെക്രട്ടറി അനിൽ വിളയിൽ. കേരളത്തിലെ മുസ്ലിം, ക്രൈസ്തവ സമൂഹം മറ്റു സംസ്ഥാനങ്ങളിലെ പോലെ പിന്നാക്കം അല്ല. സാമൂഹ്യമായും വിദ്യാഭ്യാസപരമായും സാമ്പത്തികമായും ഈ വിഭാഗങ്ങൾ പിന്നാക്കമല്ല എന്ന് 2005ലെ രജീന്ദ്ര സച്ചാർ കമ്മിറ്റി തന്നെ കണ്ടെത്തിയിരുന്നു. മുസ്ലിം സമുദായത്തിന് ഉന്നത വിദ്യാഭ്യാസത്തിനും സർക്കാർ പൊതു മേഖലാ സ്ഥാപനങ്ങളിലും യൂണിവേഴ്സിറ്റികളിലും ജോലിക്ക് സംവരണം നൽകിയിരിക്കുന്നത് ശരിയല്ല. ഭാരതത്തിന്റെ ഭരണഘടനയുടെ അനുച്ഛേദം 14 ,15 ,16 എന്നിവയിൽ മതത്തിന്റെ അടിസ്ഥാനത്തിൽ യാതൊരു വിവേചനവും  പാടില്ലായെന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ദേശീയ പിന്നാക്ക കമ്മീഷൻ ചെയർമാന്റെ കാഴ്ചപ്പാടിനെ അംഗീകരിച്ച് കേരളത്തിലെ ഇസ്ലാമിക, ക്രൈസ്തവ വിഭാഗങ്ങൾക്ക് നൽകിയിരിക്കുന്ന മത സംവരണം ഉടനടി പിൻവലിക്കാൻ സംസ്ഥാന സർക്കാർ തയ്യാറാകണമെന്നും അദ്ദേഹം വാർത്താക്കുറിപ്പിൽ പറഞ്ഞു.

# കടമ്പ്രയാർ ഇക്കോടൂറിസം പദ്ധതിക്ക് ഭരണാനുമതിയായി; 3.5 കോടി രൂപയുടെ നവീകരണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കും

**കൊച്ചി:** നവകേരള സദസ്സിൽ പരിഗണിച്ച വികസന പദ്ധതികളുടെ ഭാഗമായി, എറണാകുളം ജില്ലയിലെ കടമ്പ്രയാർ ഇക്കോടൂറിസം പദ്ധതിയുടെ നവീകരണത്തിനും പരിപാലനത്തിനുമായി സർക്കാർ മൂന്നരക്കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകി. നഗരത്തിന്റെ തിരക്കുകളിൽ നിന്നൊഴിഞ്ഞ് സായാഹ്നം ചെലവഴിക്കുന്നതിനുള്ള അന്താരാഷ്ട്ര നിലവാരത്തിലുള്ള ഇടമായി കടമ്പ്രയാർ പരിസരത്തെ മാറ്റുമെന്ന് ടൂറിസം,പൊതുമരാമത്ത് മന്ത്രി പി. എ മുഹമ്മദ് റിയാസ് പറഞ്ഞു. സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട ഐടി നഗരത്തോട് ചേർന്നാണ് കടമ്പ്രയാർ പ്രദേശം. ഇൻഫോപാർക്ക് ഫേസ് മൂന്ന് കൂടി യാഥാർഥ്യമാകുന്നതോടെ ഈ സ്ഥലത്തിന്റെ പ്രധാന്യം വർധിക്കും. ഇതു കൂടി മുന്നിൽ കണ്ടുകൊണ്ടാണ് ടൂറിസം വകുപ്പ് പദ്ധതിയ്ക്ക് അനുമതി നൽകിയതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സംരക്ഷണ ഭിത്തി, നടപ്പാത നവീകരണം, പാലങ്ങളുടെ അറ്റകുറ്റപ്പണികളും പെയിന്റിംഗും, ലാൻഡ്സ്കേപ്പിംഗ് ജോലികൾ, പുതിയ റെസ്റ്റോറന്റിന്റെ നിർമ്മാണം, പ്ലംബിംഗ് ജോലികൾ എന്നീ പ്രവൃത്തികളാണ് പ്രധാനമായും ചെയ്യുന്നത്. ഇതിനു പുറമെ എയർ കണ്ടീഷണർ വൈദ്യുതീകരണ ജോലികൾ, പരസ്യപ്രചാരണ ചെലവുകൾ തുടങ്ങിയ ഇനങ്ങളും ഉൾപ്പെടുത്തിയാണ് മൂന്നര കോടി രൂപയുടെ ഭരണാനുമതി നൽകിയിരിക്കുന്നത്.

# മികച്ച ശാസ്ത്ര പ്രബന്ധ അവാർഡ് ഡോ. എം.വി ബൈജുവിന്

**കൊച്ചി:**  സൊസൈറ്റി ഓഫ് ഫിഷറീസ് ടെക്നോളജിസ്റ്റുകളുടെ (ഇന്ത്യ) 2024 ലെ മികച്ച ശാസ്ത്ര പ്രബന്ധ അവാർഡ് ഐ.സി.എ.ആർ സി.ഐ എഫ്.ടിയിലെ  സീനിയർ ശാസ്ത്രജ്ഞൻ ഡോ. എം.വി ബൈജുവിന് ലഭിച്ചു. ‘ഇവാലുവേറ്റിങ് എൽ.എൻ.ജി ഡീസൽ ഡ്യുയൽ ഫ്യൂവൽ സിസ്റ്റംസ് ഇൻ ട്രോളിംഗ്; റിസൽറ്റ്സ് ഫ്രം ട്രയൽസ് കൊച്ചിൻ, കേരള‘  എന്ന പ്രബന്ധത്തിനാണ് അദ്ദേഹത്തിന് അവാർഡ് ലഭിച്ചത്. വി.ആർ മധു, ദിജു ദാസ്, പി.എച്ച് വിപിൻ കുമാർ, സജീവ് നമ്പ്യാർ, നിലേന്ദർ കുമാർ, ഉപീന്ദർ കുമാർ, വീരസാമി മണിമാരൻ എന്നിവരാണ് അവാർഡ് നേടിയ പ്രബന്ധത്തിന്റെ



സഹ രചയിതാക്കൾ. ട്രോളിംഗ് പ്രവർത്തനങ്ങളിൽ ഹൈസ്പീഡ് ഡീസലിനൊപ്പം (HSD) ദ്രവീകൃത പ്രകൃതി വാതകം (LNG) ഉപയോഗിക്കുന്നതിന്റെ സാധ്യതയെക്കുറിച്ചാണ് പ്രബന്ധ പര്യവേക്ഷണം  നടത്തിയത്.

# മെട്രോ യാത്രക്കാർക്കായി ക്വിക്സ് പ്ലേ ആന്റ് വിൻ മൈക്രോ ഗെയ്മിംഗ് പ്ലാറ്റ്ഫോം

**കൊച്ചി:** യാത്രയെ വിനോദമാക്കി മാറ്റാനും അതുവഴി സമ്മാനങ്ങൾ നേടാനും വഴിയൊരുക്കി കൊച്ചി മെട്രോ. സംവേദനാത്മക വിനോദത്തിന്റെ സാധ്യതകൾ തേടുന്ന മൈക്രോ ഗെയിമിംഗിന് അവസരമരമൊരുക്കിയാണ് കൊച്ചി മെട്രോ ശ്രദ്ധേയമാകുന്നത്.

കൊച്ചി ഇൻഫോപാർക്കിലെ സ്റ്റാർട്ട് അപ് ബൻസാൻ സ്റ്റുഡിയോസ് വികസിപ്പിച്ചെടുത്ത ക്വിക്സ് ഗെയിമാണ് മെട്രോ യാത്രയെ രസകരമാക്കാൻ പോകുന്നത്. ഇടപ്പള്ളി, മഹാരാജാസ് കോളേജ്, വൈറ്റില മെട്രോ സ്റ്റേഷനുകളിൽ ഇതിനോടകം ക്വിക്സിന്റെ എക്സ്ക്ലൂസീവ് പ്രിവ്യൂ ആരംഭിച്ചിട്ടുണ്ട്.



സ്റ്റേഷനുകളിൽ സ്ഥാപിച്ചിരിക്കുന്ന ക്യൂ.ആർ കോഡ് സ്കാൻ ചെയ്ത് ക്വിക്സ് വെബ് ആപ് വഴി ഫോണുകളിൽ ഹ്രസ്വവും രസകരവുമായ ഗെയിമുകൾ കളിക്കാൻ കഴിയും. വിജയികൾക്ക് ജനപ്രിയമായ പ്രാദേശിക ബ്രാൻഡുകളിൽ നിന്ന് ഉടൻ തന്നെ റിവാർഡുകൾ നേടാനും കഴിയുന്ന രീതിയിലാണ് ഗെയിമുകൾ ഒരുക്കിയിട്ടുള്ളത്.

ഓരോ യാത്രയിലും ലഭിക്കുന്ന റിവാർഡുകൾ നഗരത്തിൽ തന്നെ റെഡീം ചെയ്യാനാകുന്ന റിവാർഡ് പോയിന്റുകളും സമ്മാനങ്ങളുമാണ് യാത്രക്കാരെ കാത്തിരിക്കുന്നത്.




# ജെഎം ഫിനാൻഷ്യലിന്റെ കേരളത്തിലെ ആദ്യ ശാഖ കൊച്ചിയിൽ തുറന്നു

**കൊച്ചി:** ജെഎം ഫിനാൻഷ്യൽ ഗ്രൂപ്പിന്റെ ഭാഗമായ ജെഎം ഫിനാൻഷ്യൽ സർവീസസ് കേരളത്തിൽ പ്രവർത്തനമാരംഭിക്കുന്നു. ആദ്യ ശാഖ എറണാകുളം ബാനർജി റോഡിലെ കുര്യൻ ടവറിറിൽ കമ്പനി എം.ഡിയും ഇക്വിറ്റി ബ്രോക്കിംഗ് വിഭാഗം മേധാവിയുമായ കൃഷ്ണറാവു ഉദ്ഘാടനം ചെയ്തു. ദക്ഷിണേന്ത്യയിലെ ജെഎം ഫിനാൻഷ്യലിന്റെ 153മത്തെ ശാഖയാണിത്. ശക്തമായ ഗവേഷണ വിഭാഗത്തിന്റെ പിന്തുണയോടെ ഹ്രസ്വകാല, ദീർഘകാല നിക്ഷേപ അവസരങ്ങൾ കണ്ടെത്തി രാജ്യത്തിന്റെ സാമ്പത്തിക മുന്നേറ്റത്തിൽ നിക്ഷേപകർക്ക് പ്രയോജനം ലഭ്യമാക്കുകയാണ് എല്ലാ സൗകര്യങ്ങളോടെയുമുള്ള ഓഫീസ് ആരംഭിച്ചതിലൂടെ ലക്ഷ്യമിടുന്നതെന്ന് കൃഷ്ണ റാവു പറഞ്ഞു. കേരളത്തിന്റെ വ്യാപാര തലസ്ഥാനമായി അതിവേഗം മാറിക്കൊണ്ടിരിക്കുന്ന കരുത്തുറ്റ അടിസ്ഥാന സൗകര്യങ്ങളുള്ള കൊച്ചി നഗരത്തിൽ ഇൻഫോ പാർക്ക്, കിൻഫ്ര ഹൈടെക് പാർക്ക്, സ്മാർട്ട് സിറ്റി തുടങ്ങിയവയുടെ പരിസരത്ത് എല്ലാ സൗകര്യങ്ങളോടെയുമുള്ള ഓഫീസ് ആരംഭിച്ചതിലൂടെ മികച്ച തുടക്കമാണ് കമ്പനി നടത്തിയിട്ടുള്ളതെന്ന് എം.ഡി കൃഷ്ണ റാവു പറഞ്ഞു.

# കേരള പിറവി ക്യാമ്പയിനുമായി ടാറ്റാ ടീ കണ്ണൻ ദേവൻ

**കൊച്ചി:** കേരള പിറവി ദിനത്തിൽ ടാറ്റാ ടീ കണ്ണൻ ദേവൻ, സംസ്ഥാനത്തിന്റെ അതിമനോഹരമായ പ്രകൃതിദൃശ്യങ്ങൾ, സമ്പന്നമായ സാംസ്കാരിക പാരമ്പര്യങ്ങൾ, അഭിമാനബോധം എന്നിവ പകർത്തിയ സിനിമാറ്റിക് ബ്രാൻഡ് ഫിലിം അവതരിപ്പിച്ചു. കേരളത്തിലെ പ്രധാന നഗരങ്ങളിലുടനീളം ഇമ്മേഴ്സീവ് 3ഡി അനാമോർഫിക് ഇൻസ്റ്റളേഷനിലൂടെയും നൂതന ഔട്ട്ഡോർ ഡിസ്പ്ലേകളിലൂടെയും സ്ക്രീനുകൾക്കപ്പുറത്തേക്ക് ടാറ്റാ ടീ കണ്ണൻ ദേവൻ ആഘോഷം വ്യാപിപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊച്ചി, തൃശൂർ, കോഴിക്കോട് എന്നിവിടങ്ങളിലെ നൂതനമായ ഒഎച്ച് ഇൻസ്റ്റളേഷനുകൾ ക്യാമ്പയിനൊപ്പം സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. ടാറ്റാ ടീ കണ്ണൻ ദേവൻ എപ്പോഴും ഒരു ബ്രാൻഡിനേക്കാൾ കൂടുതലാണെന്നും അത് കേരള ചരിത്രത്തിന്റെ തന്നെ ഭാഗമാണെന്നും ടാറ്റാ കൺസ്യൂമർ പ്രോഡക്ട്സിന്റെ പാക്കേജഡ് ബിവറേജസ്, ഇന്ത്യ ആന്റ് സൗത്ത് ഏഷ്യ പ്രസിഡന്റ് പുനീത് ദാസ് പറഞ്ഞു. ഈ മണ്ണിൽ നിന്നുള്ള ബ്രാൻഡ് എന്ന നിലയിൽ, ഈ നാടുമായും അവിടുത്തെ ജനങ്ങളുമായും ഞങ്ങൾക്ക് ആഴത്തിലുള്ള വൈകാരിക ബന്ധം ഉണ്ട്. കേരള പിറവിയിൽ, സിനിമയി



ലൂടെയും അനാമോർഫിക് ഇൻസ്റ്റാളേഷനിലൂടെയും, നൂതനമായ ഒഎച്ച്കളിലൂടെയും, സിനിമാറ്റിക് ആയും വ്യക്തിപരമായും കേരളത്തിന്റെ സത്തയെ ആഘോഷിക്കാനാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. കേരളത്തെ ഒരു സ്ഥലമായി മാത്രമല്ല, കണ്ണൻ ദേവൻ ചായയുടെ ഓരോ സിപ്പിലൂടെയും ഒഴുകുന്ന ജീവാത്മാവായിട്ടാണ് ഞങ്ങൾ ആഘോഷിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു

# ഫെഡറൽ ബാങ്ക് സാഹിത്യ പുരസ്കാരത്തിന് കൃതികൾ ക്ഷണിച്ചു

**കൊച്ചി:** നാലാമത് ഫെഡറൽ ബാങ്ക് സാഹിത്യ പുരസ്കാരത്തിന് കൃതികൾ ക്ഷണിച്ചു. 2024 നവംബർ ഒന്നിനും 2025 ഒക്ടോബർ മുപ്പത്തൊന്നിനുമിടയിൽ പ്രസിദ്ധീകരിച്ച മലയാളത്തിലുള്ള മൗലീക കൃതിയാണ് പുരസ്കാരത്തിന് അർഹമാവുന്നത്.

ഒരു ലക്ഷം രൂപയും ശിൽപ്പവുമടങ്ങുന്നതാണ് പുരസ്കാരം. പ്രസാധകർക്കൊപ്പം വായനക്കാർക്കും പുസ്തകങ്ങൾ നിർദ്ദേശിക്കാവുന്നതാണ്. ബാങ്കിന്റെ വെബ്സൈറ്റിൽ നൽകിയിട്ടുള്ള Federal Bank Literary Award എന്ന ലിങ്കിലൂടെയാണ് വായനക്കാർ പുസ്തകങ്ങൾ നിർദ്ദേശിക്കേണ്ടത്. ഒരാൾക്ക് മൂന്നു പുസ്തകങ്ങൾ വരെ നിർദ്ദേശിക്കാവുന്നതാണ്.

മലയാളത്തിന്റെ സാംസ്കാരിക പാരമ്പര്യത്തിനു തുടർച്ച നൽകിയും സംവാദങ്ങൾക്ക് ഇടംനൽകിയും ഭാഷയുടെ തനിമയെ സംരക്ഷിക്കുന്ന എഴുത്തുകാരോടുള്ള ഫെഡറൽ ബാങ്കിന്റെ ആദരവാണ് ബാങ്ക് ഏർപ്പെടുത്തിയ സാഹിത്യപുരസ്കാരം. വാക്കുകളുടെ കരുത്തിനുള്ള ഒരു സമർപ്പണം കൂടിയാണിതെന്ന് ബാങ്കിന്റെ ചീഫ് മാർക്കറ്റിങ് ഓഫീസറായ എം. വി. എസ് മൂർത്തി പറഞ്ഞു.

വായനക്കാരും പ്രസാധകരും നിർദ്ദേശിച്ച പുസ്തകങ്ങളിൽ നിന്ന് തയ്യാറാക്കിയ ചുരുക്കപ്പട്ടിക വിദഗ്ധരടങ്ങുന്ന ജൂറി വിലയിരുത്തി പുരസ്കാരത്തിന് അർഹമാവുന്ന പുസ്തകം തെരഞ്ഞെടുക്കും.കോഴിക്കോട് ബീച്ചിൽ നടക്കുന്ന കേരള ലിറ്ററേച്ചർ ഫെസ്റ്റിവൽ 2025ന്റെ വേദിയിൽ വച്ചായിരിക്കും പുരസ്കാരം സമ്മാനിക്കുക.

കെ. വേണുവിന്റെ ആത്മകഥയായ ഒരന്വേഷണത്തിന്റെ കഥ, സാറാ ജോസഫ് എഴുതിയ കറ, ഇ. സന്തോഷ് കുമാറിന്റെ തപോമയിയുടെ അച്ഛൻ എന്നീ കൃതികളാണ് കഴിഞ്ഞ വർഷങ്ങളിൽ ഫെഡറൽ ബാങ്ക് സാഹിത്യപുരസ്കാരത്തിന് അർഹമായത്. പുസ്തകങ്ങൾ നിർദ്ദേശിക്കാനുള്ള അവസാന തീയതി നവംബർ 15.

# ഇമാജിൻ മാർക്കറ്റിങ് ലിമിറ്റഡ് ഐപിഒയ്ക്ക് യുഡിആർഎച്ച്പി സമർപ്പിച്ചു

**കൊച്ചി:** ബോട്ട് ബ്രാൻഡിന്റെ ഉടമകളായ ഇമാജിൻ മാർക്കറ്റിങ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് പുതുക്കിയ പ്രാഥമിക രേഖ (യുഡിആർഎച്ച്പി) സമർപ്പിച്ചു. ഒരു രൂപ മുഖവിലയുള്ള ഓഹരികളുടെ ഐപിഒയിലൂടെ 1500 കോടി രൂപ സമാഹരിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്.

500 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും പ്രമോട്ടർമാരുടെയും നിലവിലുള്ള ഓഹരി ഉടമകളുടെയും 1000 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, ഗോൾഡ്മാൻ സാക്സ് (ഇന്ത്യ) സെക്യൂരിറ്റീസ് പ്രൈവറ്റ് ലിമിറ്റഡ്, ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ്, നോമുറ ഫിനാൻഷ്യൽ അഡ്വൈസറി ആൻഡ് സെക്യൂരിറ്റീസ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബാങ്കർമാർ.

# മെഗാ ക്ലിയറൻസ് വിൽപ്പനയുമായി ലുലു ഫാഷൻ സ്റ്റോർ

**കൊച്ചി:** മെഗാ ക്ലിയറൻസ് ഓഫർ വിൽപ്പനയുമായി ലുലു. ലുലു ഫാഷൻ സ്റ്റോറിലെ ഓൺ ബ്രാൻഡ് ഒരുക്കുന്ന ഓഫർ വിൽപ്പന വഴി കിഡ്സ്, ലേഡീസ്, ജെൻസ് ഉൾപ്പടെ എല്ലാ വിഭാഗത്തിലുമുള്ളവരുടെ ഇഷ്ട വസ്ത്രങ്ങൾ മികച്ച വിലക്കുറവിൽ ലഭ്യമാകുമെന്ന് ലുലു ഫാഷൻ സ്റ്റോർ അധികൃതർ വ്യക്തമാക്കി. ബൈ വൺ ഗെറ്റ് വൺ ഓഫർ, പിക്ക് ഫൈവ് പേ ടു ഓഫറുകളും വിൽപ്പനയുടെ ആകർഷണമാണ്.

ഏതെങ്കിലും ഒരു തുണിത്തരം എടുത്താൽ ഒരെണ്ണം സൗജന്യമായി ബൈ വൺ ഗെറ്റ് വൺ ഓഫറിലൂടെ വാങ്ങാം. പിക്ക് ഫൈവ് പേ ടൂവിലൂടെ ഉപഭോക്താക്കൾ തിരഞ്ഞെടുക്കുന്ന അഞ്ച് വസ്ത്രങ്ങളിൽ രണ്ടെണ്ണത്തിന്റെ മാത്രം വില നൽകി അഞ്ച് വസ്ത്രങ്ങൾ സ്വന്തമാക്കാൻ സാധിക്കും. നവംബർ ഒന്നിന് ആരംഭിച്ച ക്ലിയറൻസ് സെയിൽ ഈ മാസം 30 വരെ നീണ്ട് നിൽക്കും. ലുലുമാളിലെ എൻട്രൻസ് രണ്ടിൽ പ്രത്യേകം തയ്യാറാക്കിയ സ്ഥലത്താണ് വിൽപ്പന നടക്കുന്നത്.

# ടാറ്റ മോട്ടോഴ്സ് തിങ്ക് ഗ്യാസുമായി സഹകരിക്കുന്നു

**കൊച്ചി:** രാജ്യത്തെ ദീർഘദൂര, ഹെവിഡ്യൂട്ടി ട്രക്കിംഗിനായി എൽ.എൻ.ജി ഇന്ധനം നിറയ്ക്കുന്ന സംവിധാനം ശക്തിപ്പെടുത്തുന്നതിനായി ഇന്ത്യയിലെ ഏറ്റവും വലിയ വാണിജ്യ വാഹന നിർമ്മാതാക്കളായ ടാറ്റ മോട്ടോഴ്സ് ഇന്ത്യയിലെ മുൻനിര സിറ്റി ഗ്യാസ് വിതരണ കമ്പനിയായ തിങ്ക് ഗ്യാസുമായി ധാരണാപത്രം (എം.ഒ.യു) ഒപ്പുവച്ചു.




സഹകരണത്തിന്റെ ഭാഗമായി, എൽ.എൻ.ജി അടിസ്ഥാന സൗകര്യ വികസനത്തിന് വേണ്ടി ചരക്ക് ഇടനാഴികളെയും ലോജിസ്റ്റിക് ക്ലസ്റ്ററുകളെയും കണ്ടെത്തുന്നതിനായി ടാറ്റ മോട്ടോഴ്സ് തിങ്ക് ഗ്യാസുമായി ചേർന്ന് പ്രവർത്തിക്കും. ഉയർന്ന ഇന്ധന ഗുണനിലവാരവും വിതരണ വിശ്വാസ്യതയും നിലനിർത്തുന്നതിലും പരമാവധി വാഹന പ്രകടനവും കാര്യക്ഷമതയും ഉറപ്പാക്കുന്നതിലും തിങ്ക് ഗ്യാസ് ശ്രദ്ധ കേന്ദ്രീകരിക്കും. മുൻഗണനാ അടസസ്ഥാനത്തിലുള്ള വിലനിർണ്ണയം ഉൾപ്പെടെയുള്ള പ്രത്യേക ആനുകൂല്യങ്ങൾ ടാറ്റ മോട്ടോഴ്സ് ഉപഭോക്താക്കൾക്കും ലഭ്യമാക്കുമെന്ന് ടാറ്റ മോട്ടോഴ്സ് ട്രക്ക്സ് വൈസ് പ്രസിഡന്റും ബിസിനസ് മേധാവിയുമായ രാജേഷ് കൗൾ പറഞ്ഞു. ഇന്ത്യയിലുടനീളം സംശുദ്ധമായ ഇന്ധനങ്ങൾ എപ്പോഴും ലഭ്യമാക്കുകയും താങ്ങാനാവുന്നതുമാക്കി മാറ്റുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യമെന്നും ബദൽ ഇന്ധന ഗതാഗതം വികസിപ്പിക്കുന്നതിൽ മുൻപന്തിയിലുള്ള ടാറ്റ മോട്ടോഴ്സുമായി പങ്കാളിത്തം സ്ഥാപിക്കുന്നത് ഞങ്ങളുടെ വിപുലീകരണത്തെ തന്ത്രപരമായി മെച്ചപ്പെടുത്താൻ സഹായിക്കുമെന്നും തിങ്ക് ഗ്യാസ് സീനിയർ വൈസ് പ്രസിഡന്റും ബിസിനസ് ഹെഡുമായ (എൽ.എൻ.ജി ഫ്യൂവൽ) സോമിൽ ഗാർഗ് പറഞ്ഞു.

## മഹീന്ദ്ര ഇലക്ട്രിക് എസ്‌യുവികൾക്ക് ഡിജിറ്റൽ കീയുമായി സാംസങ് ഗാലക്സി

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ കൺസ്യൂമർ ഇലക്ട്രോണിക്സ് ബ്രാൻഡായ സാംസങ്, മഹീന്ദ്ര ഇലക്ട്രിക് എസ്‌യുവികൾക്ക് ഡിജിറ്റൽ കാർ കീ സൗകര്യം അവതരിപ്പിക്കുന്നു. കാർ ഉടമകൾക്ക് അവരുടെ വാഹനങ്ങൾ അൺലോക്ക് ചെയ്യാനും ലോക്ക് ചെയ്യാനും സ്റ്റാർട്ട് ചെയ്യാനും ഗാലക്സി സ്മാർട്ട്ഫോണുകൾ സുഗമമായി ഉപയോഗിക്കാനുള്ള അവസരം ഇത് വാഗ്ദാനം ചെയ്യുന്നുവെന്ന് സാംസങ് ഇന്ത്യ സർവീസസ് ആന്റ് ആപ്സ് ബിസിനസ് സീനിയർ ഡയറക്ടർ മധൂർ ചതുർവേദി പറഞ്ഞു. സാംസങ് വാലറ്റിനൊപ്പം ഡിജിറ്റൽ കാർ കീ സംവിധാനം ഉൾപ്പെടുത്തുന്ന ഇന്ത്യയിലെ ആദ്യ വാഹന നിർമ്മാതാവാണ് മഹീന്ദ്ര. ഫോൺ നഷ്ടപ്പെട്ടാലോ മോഷണം പോയാലോ, 'സാംസങ് ഫൈൻഡ്' സേവനത്തിലൂടെ ഉപയോക്താക്കൾക്ക് ഡിവൈസ് ലോക്ക് ചെയ്യുകയോ ഡാറ്റ മായ്ച്ചുകളയുകയോ ചെയ്യാം. ബയോമെട്രിക് അല്ലെങ്കിൽ പിൻ തങ്ങളുടെ ഇലക്ട്രിക് ഓറിജിൻ എസ്‌യുവികളായ എക്സ്ഇവി 9ഇ, ബിഇ 6 എന്നിവ സാങ്കേതികവിദ്യയിലും ഡിസൈനിലും മുൻപന്തിയിലാണെന്നും സാംസങ് വാലറ്റിലൂടെ ഡിജിറ്റൽ കാർ കീ അവതരിപ്പിക്കുന്നത് ഡ്രൈവിംഗ് കൂടുതൽ സൗകര്യപ്രദവും സ്മാർട്ട് അനുഭവവും നൽകുമെന്നും മഹീന്ദ്ര ആന്റ് മഹീന്ദ്ര ഓട്ടോമോട്ടീവ് വിഭാഗം സി.ഇ.ഒയും മഹീന്ദ്ര ഇലക്ട്രിക് ഓട്ടോമൊബൈൽ എക്സിക്യൂട്ടീവ് ഡയറക്ടറുമായ നളിനികാന്ത് ഗോള്ളഗുണ്ട പറഞ്ഞു.

# എച്ച്.എൽ.എൽ ഹിന്ദ്‌ലാബ്സ് പ്രവർത്തനം വ്യാപിപ്പിക്കുന്നു

**കൊച്ചി :** കേന്ദ്ര ആരോഗ്യകുടുംബക്ഷേമ മന്ത്രാലയത്തിന് കീഴിലുള്ള മിനി രത്ന പൊതുമേഖലാ സ്ഥാപനവും 60 വർഷത്തെ സേവന പാരമ്പര്യവുമുള്ള എച്ച്.എൽ.എൽ ലൈഫ്കെയർ ലിമിറ്റഡിന്റെ ഡയഗ്നോസ്റ്റിക് ശൃംഖലയായ ഹിന്ദ്‌ലാബ്സ് എറണാകുളം ജില്ലയിൽ പുതിയ അത്യാധുനിക ലബോറട്ടറികൾ ആരംഭിച്ചുകൊണ്ട് മധ്യകേരളത്തിൽ പ്രവർത്തനം വ്യാപിപ്പിക്കുന്നു.

ഇതിന്റെ ഭാഗമായി, ആലുവ, പറവൂർ കവല സെന്ററിലുള്ള ദേശാഭി വർദ്ധിനി കേന്ദ്രത്തിൽ നവംബർ 3 മുതൽ പുതിയ ഹിന്ദ്‌ലാബ്സ് പ്രവർത്തനം ആരംഭിക്കും. ഈ പ്രധാന റഫറൻസ് ലാബിന്റെ കീഴിൽ ആലങ്ങാട്, പാറക്കടവ്, സൗത്ത് കളമശ്ശേരി, കുഴൂർ എന്നിവിടങ്ങളിലെ അനുബന്ധ ലാബുകളും പ്രവർത്തനം തുടങ്ങും.

ഈ ശൃംഖലയിലെ ആദ്യത്തെ ലാബിന്റെ ഔദ്യോഗിക ഉദ്ഘാടനം ഇന്ന് കുഴൂരിൽ നടക്കും. മന്ത്രി ആർ. ബിന്ദു സെന്ററിന്റെ ഉദ്ഘാടനം നിർവഹിക്കും. ആരോഗ്യവകുപ്പിലെയും എച്ച്.എൽ.എല്ലിലെയും മുതിർന്ന ഉദ്യോഗസ്ഥർ, പ്രാദേശിക സഹകരണ സംഘങ്ങളിലെ പ്രതിനിധികൾ എന്നിവർ ചടങ്ങിൽ പങ്കെടുക്കും.

വിശ്വസനീയവും താങ്ങാനാവുന്നതുമായ എല്ലാവിധ ലബോറട്ടറി പരിശോധനകൾക്കും 40% വരെ ഇളവ് ലഭിക്കും. വിദഗ്ദ്ധരായ ടെക്നീഷ്യൻമാരുടെ സേവനത്തോടെയുള്ള അത്യാധുനിക ഡയഗ്നോസ്റ്റിക് ലാബ് സൗകര്യങ്ങളാണ് എല്ലാ കേന്ദ്രങ്ങളിലുമായി ഒരുക്കിയിരിക്കുന്നത്. പ്രീ-അനലിറ്റിക്കൽ, അനലിറ്റിക്കൽ, പോസ്റ്റ്അനലിറ്റിക്കൽ ഘട്ടങ്ങൾ ഉൾപ്പെടെ എല്ലാ പ്രവർത്തനങ്ങളും NABL മാനദണ്ഡങ്ങൾക്കനുസരിച്ചാണ് നടപ്പിലാക്കുന്നത്.

സേവനങ്ങളുടെ ഭാഗമായി, ഹോം ബ്ലഡ് കളക്ഷൻ സൗകര്യവും ലഭ്യമാണ്. വീട്ടിലെത്തി സാമ്പിൾ എടുക്കുന്നതിനുള്ള സൗകര്യം ഉപയോഗപ്പെടുത്താൻ 9188900125 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

2008ൽ ഡൽഹിയിലെ CGHS ൽ പ്രവർത്തനം ആരംഭിച്ച ഹിന്ദ്‌ലാബ്സ്, രാജ്യത്ത് സ്കാൻ, രക്തപരിശോധന തുടങ്ങിയ ഡയഗ്നോസ്റ്റിക് സേവനങ്ങളുടെ നിരക്കുകൾ ഏകീകരിക്കുന്നതിൽ നിർണായക പങ്ക് വഹിച്ചിട്ടുണ്ട്.

ഹിന്ദ്‌ലാബ്സ് എം.ആർ.ഐ സെന്ററുകൾ, എസ്എടി ഹോസ്പിറ്റൽ, തിരുവനന്തപുരം, ഗവൺമെന്റ് മെഡിക്കൽ കോളേജ്, ആലപ്പുഴ, ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോട്ടയം, ഗവൺമെന്റ് മെഡിക്കൽ കോളേജ്, തൃശ്ശൂർ, ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോഴിക്കോട് എന്നിവിടങ്ങളിൽ എംആർഐ/സ്കാൻ സെന്ററുകൾ പ്രവർത്തിക്കുന്നു. കൂടാതെ, തിരുവനന്തപുരം, കോട്ടയം, മഞ്ചേരി, കോഴിക്കോട് എന്നിവിടങ്ങളിൽ ഹിന്ദ്‌ലാബ്സ് ക്ലിനിക്കൽ ലബോറട്ടറികളും മറ്റ് ഡയഗ്നോസ്റ്റിക് സേവനങ്ങളും ലഭ്യമാണ്.

## ഓൺലൈൻ തട്ടിപ്പുകൾ കരുതിയിരിക്കുക: സുരക്ഷാ മാർഗ്ഗരേഖകളുമായി ഫ്ളിപ്കാർട്ട്

Flipkart

**കൊച്ചി :** രാജ്യത്ത് ഓൺലൈൻ ഷോപ്പിംഗ് വർദ്ധിക്കുന്ന സാഹചര്യത്തിൽ ഉപഭോക്താക്കൾക്ക് സുരക്ഷിതത്വം ഉറപ്പാക്കാൻ മുന്നറിയിപ്പുകളുമായി ഫ്ളിപ്കാർട്ട്. വ്യാജ ലിങ്കുകൾ, ഫിഷിംഗ് കോളുകൾ, വ്യാജആപ്പുകൾ എന്നിവ ഉപയോഗിച്ച് തട്ടിപ്പുകാർ ഉപയോക്താക്കളെ കബളിപ്പിക്കാൻ ശ്രമിക്കുന്നതിനാൽ ജാഗ്രത പാലിക്കണം. ഒടിപി , പിൻ , സിവിവി തുടങ്ങിയ രഹസ്യവിവരങ്ങൾ ആവശ്യപ്പെടുന്ന കോളുകൾ വന്നാൽ ഉടൻ കോൾ കട്ട് ചെയ്യണം. ഇത്തരം വിവരങ്ങൾ ഫ്ളിപ്കാർട്ട് ഒരിക്കലും ആവശ്യപ്പെടില്ല. അതുപോലെ, ആകർഷകമല്ലാത്ത അമിത കിഴിവുകൾ വാഗ്ദാനം ചെയ്യുന്ന ലിങ്കുകൾ ഒഴിവാക്കുകയും, എല്ലായ്പ്പോഴും ഔദ്യോഗിക ആപ്പിലൂടെ മാത്രം ഇടപാടുകൾ നടത്തുകയും ചെയ്യുക. വ്യാജ വെബ്സൈറ്റുകളിലെ അക്ഷരത്തെറ്റുകളും ലോക്ക് ഐക്കണിന്റെ (സുരക്ഷാ സർട്ടിഫിക്കറ്റ്) അഭാവവും ശ്രദ്ധിക്കണം. സംശയാസ്പദമായ ഏത് പ്രവർത്തനവും ഉടൻ തന്നെ ഫ്ളിപ്കാർട്ട് ഹെൽപ്പ് സെന്ററിൽ റിപ്പോർട്ട് ചെയ്യാനും കമ്പനി ആവശ്യപ്പെട്ടു.

## കൊഗ്നിസന്റിന്റെ വരുമാനത്തിൽ 6.5 ശതമാനം വാർഷിക വർധനവ്

**കൊച്ചി:** ലോകത്തിലെ മുൻനിര പ്രൊഫഷണൽ സേവന കമ്പനിയായ കൊഗ്നിസന്റ് ത്രൈമാസ വരുമാനത്തിൽ 6.5 ശതമാനം വാർഷിക വർധനവ് കൈവരിച്ചതായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എസ്. രവികുമാർ പറഞ്ഞു. ഇതു തുടർച്ചയായ അഞ്ചാം ത്രൈമാസത്തിലാണ് കമ്പനി മികച്ച വരുമാന വർധനവ് നേടുന്നത്. കഴിഞ്ഞ ത്രൈമാസത്തിൽ 5415 ദശലക്ഷം ഡോളർ വരുമാനമാണ് കമ്പനി കൈവരിച്ചത്. മുൻ വർഷം ഇതേ കാലയളവിലെ വരുമാനം 5044 ദശലക്ഷം ഡോളറായിരുന്നു. വൻകിട ഇടപാടുകൾക്കു തുടക്കം കുറിക്കുന്നതിലെ തങ്ങളുടെ മുന്നേറ്റം തുടരുകയാണെന്ന് എസ്. രവികുമാർ പറഞ്ഞു. ആറ് വൻകിട ഇടപാടുകൾക്കാണ് കഴിഞ്ഞ ത്രൈമാസത്തിൽ തുടക്കം കുറിക്കാനായതെന്നും അദ്ദേഹം പറഞ്ഞു.

